# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 526

06.02.2013 ൽ മറുപടിയ്ക്ക്

## ജില്ലാ സഹകരണ ബാങ്ക് തെരഞ്ഞെടുപ്പ്

**ചോദ്യം**

ശ്രീ. സി.കെ. നാണു

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

(എ) കഴിഞ്ഞ വർഷത്തെ ജില്ലാ സഹകരണ ബാങ്ക് തെരഞ്ഞെടുപ്പുകളിൽ ഓരോ ജില്ലകളിലും എത്ര ബാങ്കുകൾ വോട്ട് ചെയ്തു, ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(എ) കഴിഞ്ഞ വർഷം സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്ക് തെരഞ്ഞെടുപ്പ് നടക്കുകയുണ്ടായില്ല. ജില്ലാ സഹകരണ ബാങ്കുകളിൽ അവസാനമായി തെരഞ്ഞെടുപ്പ് നടന്നത് 2008 ൽ ആണ്.

(ബി) ഇപ്പോൾ നടക്കുവാൻ പോകുന്ന ജില്ലാ ബാങ്ക് തെരഞ്ഞെടുപ്പിൽ ഓരോ ജില്ലയിലും എത്ര സഹകരണ ബാങ്കുകൾക്ക് വോട്ട് അവകാശമുണ്ട്;

(ബി) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിലേയ്ക്ക് ഇപ്പോൾ നടക്കുവാൻ പോകുന്ന ഭരണസമിതി തെരഞ്ഞെടുപ്പിൽ വോട്ടവകാശമുള്ള സഹകരണ സംഘങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| ജില്ല | വോട്ടവകാശമുള്ള സഹകരണ സംഘങ്ങളുടെ എണ്ണം. |
|---|---|
| തിരുവനന്തപുരം | : 1574 |
| കൊല്ലം | : 975 |
| പത്തനംതിട്ട | : 468 |
| ആലപ്പുഴ | : 1131 |
| കോട്ടയം | : 814 |
| ഇടുക്കി | : 480 |
| എറണാകുളം | : 728 |
| തൃശ്ശൂർ | : 884 |
| പാലക്കാട് | : 543 |
| മലപ്പുറം | : 308 |

| | |
|---|---|
| കോഴിക്കോട് | : 528 |
| വയനാട് | : 241 |
| കണ്ണൂർ | : 1267 |
| കാസറഗോഡ് | : 451 |
| **ആകെ** | **:10392** |

(സി) കഴിഞ്ഞവർഷം നടന്ന ബാങ്ക് തെരഞ്ഞെടുപ്പിൽ ഉള്ളതിനെക്കാൾ ഈ വർഷം വർദ്ധനവുണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

(സി) കഴിഞ്ഞ വർഷം സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിൽ തെരഞ്ഞെടുപ്പ് നടക്കുകയുണ്ടായില്ല.

സെക്ഷൻ ഓഫീസർ